# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2256 — 23-01-2014-ൽ മറുപടിക്ക്

### മസ്ദൂർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) വിദ്യുച്ഛക്തി ബോർഡിൽ ഇപ്പോൾ മസ്ദൂർ തസ്തികയിൽ ആകെ സ്ട്രെങ്ത് എത്രയാണെന്നും അവയിൽ ഇപ്പോൾ എത്ര ഒഴിവുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) | 5261,<br>1468 ഒഴിവുകൾ. |
| (ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയത് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | (ബി) & (സി) | വിവിധ തീയതികളിലായി 686 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (സി) ഉണ്ടെങ്കിൽ ആയത് എന്നാണ് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ? ; | (ഡി) | പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 15.12.2004 ലെ ID നമ്പർ 27/2002 ഉത്തരവ് പ്രകാരം 15.12.2004 ൽ നിലവിലുള്ളതിന്റെയും 15.12.2004 മുതൽ 14.12.2009 വരെ കെ.എസ്.ഇ.ബി. യിൽ ഉണ്ടായിട്ടുള്ള ഇലക്ട്രിസിറ്റി വർക്കർമാരുടെ ഒഴിവുകളുടെ 25 ശതമാനം പെറ്റി കോൺട്രാക്ടേഴ്സിനു വേണ്ടി മാറ്റി വയ്ക്കണം എന്ന ഉത്തരവ് നിലവിലുണ്ട്. കഴിഞ്ഞ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളുടെ വെളിച്ചത്തിൽ പി.എസ്.സി. യിലേയ്ക്ക് |

റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കാണ് ഇപ്പോൾ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ സാദ്ധ്യമാകുന്ന ഒഴിവുകളുടെ എണ്ണം കണക്കാക്കി വരുന്നു.

സെക്ഷൻ ഓഫീസർ